# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 682** **04-02-2020-ൽ മറുപടിക്ക്**

## എത്തിക് കുസൈൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത ശൈലിയിലുള്ള കേരളീയ വിഭവങ്ങൾ വൃത്തിയോടെ തയ്യാറാക്കി നൽകുന്ന ശൃംഖല സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പരമ്പരാഗത ശൈലിയിലുള്ള കേരളീയ വിഭവങ്ങൾ വൃത്തിയോടെ തയ്യാറാക്കി നൽകുന്നതിന് സാധാരണക്കാരായ വീട്ടമ്മമാർ ഉൾപ്പെടുന്ന ഒരു ശൃംഖല സംസ്ഥാനത്ത് ഒരുക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് 'എക്സ്പീരിയൻസ് ദി ലോക്കൽ കുസീൻ പ്രൊജക്ട്'. |
| (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ എത്തിക് കുസൈൻ പദ്ധതി വിശദമാക്കുമോ; | (ബി) | കേരളത്തിന്റെ തനതു വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉറപ്പു വരുത്തുന്നതിനുമായിട്ടാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നത്. എത്തിക് കുസിൻ നെറ്റ് വർക്കിൽ ഉൾപ്പെടുന്ന യൂണിറ്റുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിർദേശ പ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധമായും എടുത്തിരിക്കണം. ഭക്ഷണം കഴിക്കാൻ വരുന്നവർക്ക് ടോയിലറ്റ് സൗകര്യം, പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ശുദ്ധമായ കുടിവെള്ളം നിറയ്ക്കുന്നതിനുള്ള സൗകര്യം എന്നിവ ഉറപ്പു വരുത്തണം. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമായുള്ള ആദ്യഘട്ട പരിശീലനം ജില്ലകളിൽ പൂർത്തിയായി. പദ്ധതിയുടെ ഭാഗമായി വെബ്സൈറ്റ്, ബുക്കിംഗ് പ്ലാറ്റ്ഫോം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഡാറ്റ ഫീഡിംഗ് നടന്നു വരുന്നു. 2020 ഫെബ്രുവരി - മാർച്ചിൽ പദ്ധതിയുടെ ഔപചാരിക ഉത്ഘാടനവും, തുടർന്ന് യൂണിറ്റുകൾക്ക് സോഫ്റ്റ് വെയർ ട്രെയിനിംഗ് നടത്തുവാനും ഉദ്ദേശിക്കുന്നു. |
| (സി) | ഇതിനകം ഈ പദ്ധതിയിൽ എത്ര വീടുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം നൽകുമോ? | (സി) | കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2008 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ സാധാരണക്കാരായ വീട്ടമ്മമാർ, ഹോം സ്റ്റേകൾ, ഗൃഹസ്ഥലികൾ, സർവീസ്ഡ് വില്ലകൾ, വീട്ടിൽ ഊണ് യൂണിറ്റുകൾ, ആർ.ടി. റസ്റ്റോറന്റുകൾ എന്നിങ്ങനെയുള്ള യൂണിറ്റുകളാണുള്ളത്. |

**സെക്ഷൻ ഓഫീസർ**